# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.309 - 24/2/2016-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>ശ്രീ.എ.എം.ആരിഫ് | ശ്രീ.ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |

### റവന്യൂ കമ്മി

<table>
<tr><th>ചോദ്യം</th><th>മറുപടി</th></tr>
<tr><td>(എ)<br>ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തന്നാണ്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ;</td><td>ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തന്നാണ്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടില്ല.</td></tr>
<tr><td>(ബി)<br>ഈ തുക ലഭിക്കുന്നത് ഏതെങ്കിലും നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നുവോ; എങ്കിൽ നിബന്ധനകൾ വിശദമാക്കാമോ;</td><td>അല്ല.</td></tr>
<tr><td>(സി)<br>ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധനദൃഢീകരണ ലക്ഷ്യം എന്തായിരുന്നു; നിലവിൽ റവന്യൂ കമ്മി എത്ര;</td><td>ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധനദൃഢീകരണ ലക്ഷ്യം (ധനകമ്മി, കടബാദ്ധ്യത, പലിശ തിരിച്ചടവ് എന്നിവ GSDP യുടെ ശതമാനത്തിൽ) താഴെ വിവരിക്കുന്ന രീതിയിൽ സംസ്ഥാനം കൈവരിക്കേണ്ടതുണ്ട്.
<table>
<tr><th rowspan="2">ഇനം</th><th>2015-16</th><th>2016-17</th><th>2017-18</th><th>2018-19</th><th>2019-20</th></tr>
<tr><th colspan="5">ജി.എസ്.ഡി.പി. ശതമാനത്തിൽ</th></tr>
<tr><td>ധനകമ്മി</td><td>3.00</td><td>3.00</td><td>3.00</td><td>3.00</td><td>3.00</td></tr>
<tr><td>കടബാദ്ധ്യത</td><td>31.34</td><td>30.84</td><td>30.40</td><td>30.01</td><td>29.67</td></tr>
<tr><td>പലിശ തിരിച്ചടവ്</td><td>15.70</td><td>15.01</td><td>14.37</td><td>13.78</td><td>13.23</td></tr>
</table>
നിലവിൽ 2015-16 സാമ്പത്തിക വർഷത്തിലെ റവന്യൂ കമ്മി പുതുക്കിയ എസ്റ്റിമേറ്റ് (Revised Estimate) പ്രകാരം 10814.49 കോടി രൂപയാണ്.</td></tr>
</table>

സെക്ഷൻ ഓഫീസർ